പി.എസ്.സി. നടത്തിയ ലാസ്റ്റ് ഗ്രേഡ് സർവ്വന്റിന്റെ റാങ്ക് ലിസ്റ്റ്

60 (1614) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നടത്തിയ ലാസ്റ്റ് ഗ്രേഡ് സർവ്വന്റിന്റെ എഴുത്തു പരീക്ഷ എല്ലാ ജില്ലയിലും പൂർത്തിയായോ ;

(ബി) ഇതിന്റെ റാങ്ക് ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ റാങ്ക് ലിസ്റ്റിൽനിന്നും ഏതെല്ലാം തസ്തികയിൽ നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നത് ; അവ തസ്തക തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഏതെല്ലാം വകുപ്പുകളിലാണ് നിയമനം നടത്തുവാനുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിൽ ഡ്രൈവർമാരുടെ ഒഴിവുകൾ

61 (1615) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ വിവിധ വകുപ്പുകളിലായി എത്ര ഡ്രൈവൻമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഈ തസ്തികളിലേക്ക് നിയമനം നടത്തുന്നതിനുവേണ്ട എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പിന്നോക്കവിഭാഗങ്ങൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

62 (1616) ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗങ്ങളുടെ നിയമനക്കാര്യത്തിൽ ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ കണ്ടെത്തിയ ബാക്ക്ലോഗ് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ എത്ര തസ്തികകൾ ഇതേവരെ പ്രത്യേക റിക്രൂട്ട്മെന്റ് പ്രകാരം നികത്തിയിട്ടുണ്ട് ; ഇനി എത്ര തസ്തികകൾ നികത്താനുണ്ട് എന്നതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടുപ്രകാരം പിന്നോക്ക വിഭാഗങ്ങളുടെ നിയമനത്തിൽ ഉണ്ടായിട്ടുള്ള ബാക്ക്‌ലോഗ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വിഭാഗം	തസ്തികകളിൽ വന്ന കുറവ്
ഈഴവ	5
മുസ്ലീം	7383
ലാറ്റിൻ കാത്തലിക്/ ആംഗ്ലോ ഇന്ത്യൻ	4370
നാടാർ	2614
പരിവർത്തിത ക്രൈസ്തവർ	2290
വിശ്വകർമ്മ	147
ധീവര	1256
മറ്റു പിന്നോക്ക വിഭാഗം	460
ആകെ	18525

(ബി) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2-2-2006-ൽ പുറപ്പെടുവിച്ച സ.ഉ.(പി) നം.8/06/പിജ.പവ.വിവ. പ്രകാരം സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണ കാട്ട ഭാവിയിൽ നഷ്ടപ്പെടാതെ ലഭിക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. പിന്നോക്ക സമുദായങ്ങൾക്ക് ഇതുവരെ ഉണ്ടായിട്ടുള്ള സംവരണക്കുറവുകൾ എപ്രകാരം പരിഹരിക്കാമെന്ന് വ്യവസ്ഥകളൊന്നുമില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കൊഴികെ മറ്റൊരു സംവരണ സമുദായത്തിനും ഉദ്യോഗ നിയമനത്തിലെ സംവരണക്കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നിലവിൽ നിയമമില്ല.

പി.എസ്.സി. വഴിയുള്ള നിയമനം

63 (1617) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാലാവധി തീരുവാൻ പോകുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly